# SSLC മാതൃകചോദ്യപേപ്പർ 2022 സാമൂഹ്യശാസ്ത്രം

## DIET,പാലക്കാട്

**ആകെ മാർക്ക് -80** **മയം-2 1/2 മണിക്കൂർ**

**നിർദ്ദേശങ്ങൾ :**

**• ആദ്യ പതിനഞ്ച് മിനിറ്റ് സമാശ്വാസ സമയമാണ് .സ്കോറും സമയവും പരിഗണിച്ചുവേണം ഉത്തരമെഴുതുവാൻ**

**• A,B വിഭാഗങ്ങളിൽ A - ഫോക്കസ് ഏരിയയിൽ നിന്നും B- നോൺഫോക്കസ് ഏരിയയിൽ നിന്നുമുള്ള ചോദ്യങ്ങളെ സൂചിപ്പിക്കുന്നു .**

**പാർട്ട് I**

**A. 1 മുതൽ 6 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് ഉത്തരമെഴുതുക .**

**(1 സ്കോർ വീതം )( 4x1=4)**

1.ഗാന്ധിജിയുടെ നേതൃത്വത്തിൽ ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ അവസാനത്തെ ദേശീയ സമരം?

(നിസ്സഹകരണ സമരം,ക്വിറ്റ് ഇന്ത്യാസമരം,ഉപ്പുസത്യാഗ്രഹം,ചമ്പാരൻ സമരം)

2.പ്രാതിനിധ്യമില്ലാതെ നികുതിയില്ല" അമേരിക്കൻ സ്വാതന്ത്ര്യ സമരത്തിൽ മുഴങ്ങി കേട്ട ഈ മുദ്രാവാക്യത്തിന് രൂപംനല്കിയതാര് ?

(ജോൺ ലോക്ക് , തോമസ് പെയിൻ,ജെയിംസ് ഓട്ടിസ് , റൂസ്സോ)

3.ഇന്ത്യയുടെ ഭാവി നിർണിയിക്കുന്നത് ക്ലാസ്സ് മുറികളിലാണ് എന്ന് പ്രസ്താവിച്ച വിദ്യാഭ്യാസ ചിന്തകൻ?

(ഡോ.രാധാകൃഷ്ണൻ,ഡി.എസ്സ് കോത്താരി,കസ്തൂരീരംഗൻ,ലക്ഷ്മണ സ്വാമി മുതലിയാർ)

4.ഇന്ത്യൻ സ്റ്റാൻഡേർഡ് സമയം ഗ്രീനിച്ച് സമയത്തിൽ നിന്ന് എത്ര വ്യാത്യാസത്തിലാണ് ?

(നാലര മണിക്കൂർ,അഞ്ചര മണിക്കൂർ,അഞ്ച് മണിക്കൂർ,എട്ട് മണിക്കൂർ)

5.താഴെ തന്നിരിക്കുന്നവയിൽ പ്രത്യക്ഷനികുതിക്ക് ഉദാഹരണം?

(ജി.എസ്സ് . ടി,ആദായനികുതി,വിൽപ്പന നികുതി,മൂല്യവർദ്ധിത നികുതി)

6.ഇന്ത്യയിലെ ഉയരം കൂടിയ കൊടുമുടി?

(എവറസ്റ്റ് , കാഞ്ചൻജംഗ,മൗണ്ട് k2,നന്ദാദേവി)

**B. 7 മുതൽ 10 വരെയുള്ള എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതണം.(1 സ്കോർ വീതം)**

**( 4x1=4)**

7.ഉത്തരേന്ത്യൻ സമതലങ്ങളിൽ വീശുന്ന ഊഷ്ണകാറ്റ് ഏത് ?

(മാംഗോഷവർ,കാൽബൈശാഖി,ലൂ,ചിനൂക്ക് )

8.ചോർച്ച സിദ്ധാന്തം ആവിഷ്കരിച്ചത് ആര്?

(ഗോപാലകൃഷ്ണ ഗോഖലെ,ദാദാഭായി നവറോജി,ബാലഗംഗധര തിലക് , ഗാന്ധിജി)

9.വനിതകളുടെ ഉന്നമനത്തിനായി ശാരദാസദൻ സ്ഥാപിച്ച സാമൂഹ്യപരിഷ്കർത്താവ് ?

(പണ്ഡിത രമാഭായി,ഡി.കെ കാർവെ,അമൃതഷേർഗിൽ,ആനിബസന്റ് )

10.സമുദ്രനിരപ്പിൽ നിന്ന് ഒരേ ഉയരത്തിലുള്ള സ്ഥലങ്ങളെ ഭൂപടങ്ങളിൽ അടയാളപെടുത്തുന്ന രീതി ഏത്?

(കോണ്ടൂർ രേഖ,ഫോം ലൈൻ.സ്പോട്ട് ഹൈറ്റ് , ബെഞ്ച് മാർക്ക് )

DIET PALAKKAD

**പാർട്ട് - II**

**A.11 മുതൽ 15 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 3 എണ്ണത്തിന് ഉത്തരമെഴുതുക.**

**(2 സ്കോർ വീതം) (3x2=6)**

11.ബ്രിട്ടിഷുകാർ ദക്ഷിണേന്ത്യയിൽ നടപ്പിലാക്കിയ നികുതിവ്യവസ്ഥ ഏത് , അതിന്റെസവിശേഷതകൾ എന്തെല്ലാം?

12.സാമൂഹ്യമാറ്റത്തിന് വേണ്ടി കേരളത്തിൽനടന്ന സമരങ്ങളിൽ ഗുരുവായൂർ സത്യാഗ്രഹത്തിന്റെ പ്രാധാന്യം എന്ത് ?

13.ക്വിറ്റ് ഇന്ത്യാസമരത്തിന് കാരണമായ ഘടകങ്ങൾ ഏതെല്ലാം?

14.പ്രത്യക്ഷ നികുതി എന്നാൽ എന്ത് , ഉദാഹരണസഹിതം വിശദമാക്കുക?

15.നെല്ലിന്റെ വളർച്ചക്കാവശ്യമായ ഭൂമിശാസ്ത്ര ഘടകങ്ങൾ എഴുതുക?

**B.16 മുതൽ 18 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 2 എണ്ണത്തിന് ഉത്തരമെഴുതുക.**

**(2 സ്കോർ വീതം) (2x2=4)**

16.കോളനിഭരണം ലാറ്റിൻ അമേരിക്കൻ ജനജീവിതത്തെ ബാധിച്ചത് എങ്ങനെയെല്ലാം?

17.രാഷ്ട്രത്തിന്റെ അടിസ്ഥാന ഘടകങ്ങൾ ഏതെല്ലാം?

18.ഉപഭോക്താവ് വഞ്ചിക്കപെടാവുന്ന ഏതെങ്കിലും രണ്ടു സാഹചര്യങ്ങൾ എഴുതുക.?

**പാർട്ട് - III**

**A.19 മുതൽ 23 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 3 എണ്ണത്തിന് ഉത്തര മെഴുതുക.**

**(4 സ്കോർ വീതം)(3x4=12)**

19.പട്ടിക പൂർത്തിയാക്കുക.

| ദിനം | സൂര്യന്റെ സ്ഥാനം | ദിവസത്തിന്റെ പേര് |
|---|---|---|
| മാർച്ച് 21 | --------------- | സമരാത്രദിനം |
| ---------------- | ഉത്തരായന രേഖ | ഗ്രീഷ്മ അയനാന്തം |
| സെപ്റ്റംബർ 23 | ഭൂമധ്യരേഖ | ------------------- |
| ഡിസംബർ 22 | -------------------------- | ശൈത്യഅയനാന്തം |

20.ഇന്ത്യൻ വിദ്യാഭ്യാസരംഗത്ത് നൂതനമാറ്റങ്ങൾ കൊണ്ടുവന്ന 1986 ലെ ദേശീയവിദ്യാഭ്യാസനയത്തിന്റെ ശുപാർശകൾ എന്തെല്ലാം?

21 ചുവടെ ചേർത്തിട്ടുള്ള ഭൂവിവരങ്ങളെ നൽകിയിട്ടുള്ള ഇന്ത്യയുടെ രൂപരേഖയിൽ അടയാളപ്പെടുത്തുക.

(ഡക്കാൻ പീഠഭൂമി,ആരവല്ലി പർവ്വതനിര,കാവേരി,മുംബൈ തുറമുഖം)

DIET PALAKKAD

22.എ കോളത്തിന് അനുയോജ്യയമായവ ബി കോളത്തിൽ നിന്നും കണ്ടെത്തി എഴുതുക.

| എ | ബി |
|---|---|
| ഡൽഹി | റാണി ലക്ഷ്മിഭായി |
| ലക് നൗ | താന്തിയാതോപ്പി |
| കാൺപൂർ | ബഹദ്ദൂർഷാ രണ്ടാമൻ |
| ഝാൻസി | ബീഗം ഹസ്രത്ത് മഹൽ |

23.അന്തർദേശീയ ദിനാങ്കരേഖയുടെ(IDL) പ്രത്യേകതകളെന്തെല്ലാം?

**B.24 മുതൽ 25 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും ഒന്നിന് ഉത്തരമെഴുതുക.**

**(4 സ്കോർ )(1x4=4)**

24.ഈ-ഗവേണൻസ് എന്നാൽ എന്ത് , പ്രയോജനങ്ങൾ എന്തെല്ലാം?

25.സർക്കാരിന്റെ ചെലവുകളെ എത്രയായി തരംതിരിച്ചിരിക്കുന്നു, ഉദാഹരണ സഹിതം വിശദമാക്കുക.?

**പാർട്ട് - IV**

**A.26 മുതൽ29 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 3 എണ്ണത്തിന് ഉത്തരമെഴുതുക.**

**(6 സ്കോർ വീതം) (3x6=18)**

26.ഒന്നാം ലോകമഹായുദ്ധത്തിന്റെ ഫലങ്ങൾ എഴുതുക?

27.ഇന്ത്യൻ വിദേശനയത്തിന്റെ മികച്ചമാതൃകയായ ചേരിചേരാനയം രൂപപ്പെടാനിടയായസാഹചര്യം വിശദമാക്കുക?

28.ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിൽ വേറിട്ട വഴി തിരഞ്ഞെടുത്തവരിൽ പ്രമുഖനായിരുന്നു സുഭാഷ് ചന്ദ്രബോസ് ഈപ്രസ്താവന സാധൂകരിക്കുന്ന നിഗമനങ്ങൾ രേഖപ്പെടുത്തുക?

29.ആഗോളമർദ്ദമേഖലകൾ ഏതെല്ലാം അക്ഷാംശീയസ്ഥാനത്തിന്റെ അടിസ്ഥാനത്തിൽ പട്ടികപ്പെടുത്തുക.

**B.30 മുതൽ 32 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും2 എണ്ണത്തിന് ഉത്തരമെഴുതുക.**

**(6 സ്കോർ വീതം) (2x6=12)**

30.ഉപഭോക്തൃ വിദ്യാഭ്യാസം ഉപഭോക്താവിന് ഏതൊക്കെ രീതിയിൽ പ്രയോജനപ്പെടുന്നു വിശദമാക്കുക?

31.ഇന്ത്യൻ ദേശീയപ്രസ്ഥാനം ശക്തിപ്പെടുത്തുന്നതിൽ വർത്തമാനപത്രങ്ങൾ വഹിച്ച പങ്കെന്ത് വിശദമാക്കുക?

32.മാനവവിഭവ ശേഷി മെച്ചപ്പെടുത്തുന്നത് കൊണ്ടുള്ള പ്രയോജനങ്ങൾ എന്തെല്ലാം?

**പാർട്ട് -V**

**A.33 മുതൽ 35 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 2 എണ്ണത്തിന് ഉത്തരമെഴുതുക.**

**(8 സ്കോർ വീതം) (2x8=16)**

33.സ്വതന്ത്രഇന്ത്യ ബഹിരാകാശരംഗത്ത് കൈവരിച്ച നേട്ടങ്ങളെ കുറിച്ച് വിശദമാക്കുക?

34.റഷ്യൻ വിപ്ലവത്തിൽ ഫെബ്രുവരി,ഒക്ടോബർ വിപ്ലവങ്ങളുടെ പ്രാധാന്യം വിശദീകരിക്കുക.?

35.ഇന്ത്യൻ തീരസമതലങ്ങളായ പടിഞ്ഞാറൻ തീരസമതലം,കിഴക്കൻ തീരസമതലംഎന്നിവയുടെ പ്രത്യേകതകൾ താരതമ്യം ചെയ്ത് എഴുതുക.?

DIET PALAKKAD

